"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ് - വ്യാവസായിക പരിശീലനം- ജീവനക്കാര്യം- വ്യാവസായിക പരിശീലന വകുപ്പ് ഡയറക്ടറേറ്റിലെ ഓഫീസ് അറ്റൻഡന്റ് ആയ ശ്രീ.ഷിബിൻ.ആർ.എല്ലിനു പഠനാവശ്യത്തിനായി ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും (സി) വകുപ്പ്**

സ.ഉ.(സാധാ) നം.472/2024/LBR തീയതി,തിരുവനന്തപുരം, 27-03-2024

---

പരാമർശം:-

1. വ്യാവസായിക പരിശീലന വകുപ്പ് ഡയറക്ടറേറ്റിലെ ഓഫീസ് അറ്റൻഡന്റ് ആയ ശ്രീ.ഷിബിൻ.ആർ.എൽ 25/09/2023-ൽ സമർപ്പിച്ച അവധി അപേക്ഷ.
2. .ട്രെയിനിംഗ് ഡയറക്ടറുടെ 11/01/2024 തീയതിയിലെ ഡി.ടി/5639/2023-എ7നമ്പർ കത്ത്.

**ഉത്തരവ്**

വ്യാവസായിക പരിശീലന വകുപ്പ് ഡയറക്ടറേറ്റിലെ ഓഫീസ് അറ്റൻഡന്റ് ആയ ശ്രീ.ഷിബിൻ.ആർ.എൽ 25-09-2023 മുതൽ മന്നം സെന്റിനറി പ്രൈവറ്റ് ഐ.ടി.ഐയിൽ വയർമാൻ ട്രേഡിൽ പഠനത്തിനായി പ്രവേശിച്ചെങ്കിലും ധനുവച്ചപുരം ഗവ.ഐ.ടി.ഐയിൽ അഡ്മിഷൻ ലഭിച്ചതിനെ തുടർന്ന് 06-10-2023- ന് മന്നം സെന്റിനറി പ്രൈവറ്റ് ഐ.ടി.ഐയിൽ നിന്നും ടി.സി വാങ്ങുകയും തുടർന്ന് 07-10-2023 മുതൽ ധനുവച്ചപുരം ഗവ.ഐ.ടി.ഐയിൽ വയർമാൻ ട്രേഡ് പഠിക്കുന്നതിനായി പ്രവേശിക്കുകയും ഉണ്ടായി. ആയതിനാൽ ടിയാനു 25/09/2023 മുതൽ 31/07/2025 വരെ ശൂന്യവേതനാവധി അനുവദിക്കുന്നതിനായി പരാമർശം 1 പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. ടി അപേക്ഷ ശുപാർശ ചെയ്ത് പരാമർശം 2 പ്രകാരം ട്രെയിനിംഗ് ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കിയിരുന്നു.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വ്യാവസായിക പരിശീലന വകുപ്പ് ഡയറക്ടറേറ്റിലെ ഓഫീസ് അറ്റൻഡന്റ് ആയ ശ്രീ.ഷിബിൻ.ആർ.എല്ലിനു 25/09/2023 മുതൽ 31/07/2025 വരെ കെ.എസ്.ആർ, ഭാഗം 1, അനുബന്ധം XII-B -യിലെ വ്യവസ്ഥകൾക്ക് വിധേയമായി ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ എസ്
അണ്ടർ സെക്രട്ടറി

ട്രെയിനിംഗ് ഡയറക്ടർ, തിരുവനന്തപുരം.
ശ്രീ.ഷിബിൻ.ആർ.എ , ഓഫീസ് അറ്റൻഡന്റ്, വ്യാവസായിക പരിശീലന വകുപ്പ് (ട്രെയിനിംഗ് ഡയറക്ടർ മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്. (13/03/2024-ലെ 2702249/എൽ.ബി.ആർ1/35/2024/ധന നമ്പർ നോട്ട് പ്രകാരം)
വിവര പൊതുജന സമ്പർക്ക വകുപ്പ്. ( ഗവൺമെന്റ് വെബ് സൈറ്റിൽ നൽകുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Usharani L
സെക്ഷൻ ഓഫീസർ
Date: 29-03-2024 11:06:03